# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2757 — 10/12/2014 -ൽ മറുപടിക്ക്

## മീനാട് ശുദ്ധജല പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മീനാട് ശുദ്ധ ജല പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ പ്രവർത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) മീനാട് ശുദ്ധജല പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതും ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവർത്തനങ്ങൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. |
| (ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കൽ ഇനി എത്രത്തോളം ദൂരം അവശേഷിക്കുന്നുണ്ട്; | (ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ 176 കി.മീ. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലിയാണ് ഇനി അവശേഷിക്കുന്നത്. |
| (സി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുവാനുള്ള കരാർ നൽകിയെങ്കിൽ ആരാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ; എന്നത്തേക്ക് പണി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (സി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുവാനുള്ള കരാർ ടെക്പ്രോ ഇൻഫ്രാ പ്രോജക്റ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഏറ്റെടുത്തത്.<br>2016 ജൂണിൽ പണി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) മീനാട് ശുദ്ധജല പദ്ധതിയിൽ നിന്നും കുടിവെള്ളം ആവശ്യപ്പെട്ട് ഏതൊക്കെ ഗ്രാമപഞ്ചായത്ത് / നഗരസഭകളിൽ നിന്നും എത്ര പേരാണ് അപേക്ഷ നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്രപേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട്; | (ഡി) മീനാട് ശുദ്ധജല പദ്ധതിയിൽ നിന്നും കുടിവെള്ളം ആവശ്യപ്പെട്ട് ഇതുവരെ 9413 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അപേക്ഷ നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്ത്/നഗരസഭകൾ ഏതൊക്കെയാണെന്നും ഇതുവരെ നൽകിയിട്ടുള്ള കണക്ഷനുകളുടെ വിവരവും ചുവടെ ചേർക്കുന്നു. ഇതിൽ എത്രപേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

JSK/

| പഞ്ചായത്ത്/ നഗരസഭ | അപേക്ഷ സ്വീകരിച്ചത് | കണക്ഷൻ നൽകിയത് |
|---|---|---|
| കരവാളൂർ | 306 | 236 |
| അഞ്ചൽ | 150 | -- |
| ഇടമുളയ്ക്കൽ | 943 | 336 |
| ഉമ്മന്നൂർ/വാളകം | 379 | -- |
| എളമാട് | 646 | -- |
| വെളിയം/ഓടനാവട്ടം | 683 | -- |
| പൂയപ്പള്ളി | 405 | 339 |
| നെടുമ്പന/പള്ളിമാൽ | 1345 | 6 |
| മീനാട്, ചിറക്കര, പരവൂർ | 2409 | 2192 |
| പൂതക്കുളം | 565 | -- |
| മയ്യനാട്, ആദിച്ചനെല്ലൂർ | 195 | -- |
| മയ്യനാട് II | 521 | 10 |
| പരവൂർ നഗരസഭ | 866 | -- |
| **ആകെ** | **9413** | **3119** |

(ഇ) അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് പൂർണ്ണമായും ശുദ്ധജലം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

(ഇ) നിലവിലുള്ള സാഹചര്യത്തിൽ മേൽ കരാറുകാരനെക്കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പുനർ ദർഘാസ് വിളിക്കുകയും മറ്റൊരു കരാറുകാരൻ മുഖാന്തിരം ടി പ്രവൃത്തി തുടർന്ന് നടത്തേണ്ടിയും വന്നേക്കാം. അങ്ങനെയാണെങ്കിൽ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ഇനിയും ഒന്നര വർഷം കൂടിയെങ്കിലും വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ